*⇨ അവനെ നിരീക്ഷിക്കാനും സ്വഭാവം കണ്ടുപഠിക്കാനും ഞങ്ങൾ തീരുമാനിച്ചിരുന്നു ⇨*

**എന്റെ** പേര് അപ്പു. അട്ടപ്പാടിയിലെ സാമ്പാർക്കോട് എന്ന എന്റെ ഊരിനടുത്തുള്ള സ്കൂളിൽ നാലാം ക്ലാസ്സിലാണ് ഞാൻ പഠിക്കുന്നത്. കുറച്ചു വർഷങ്ങൾ ഞങ്ങളുടെ കൂട്ടുകാരനായി കഴിഞ്ഞ ഒരു കാട്ടാനയുടെ കഥ ഞാൻ നിങ്ങളോട് പറയാം. പല മൃഗങ്ങളുമായി ശിരുവാണിപ്പുഴയിലെ വെള്ളം ഞങ്ങൾ പങ്കുവയ്ക്കാറുണ്ട്. അതിലേറ്റവും പഴക്കമുള്ളത് ഈ കൊമ്പന്റെ കുടുംബമാണ്. ഇവനുമായി ചങ്ങാത്തം കൂടിയ മറ്റ് കൂട്ടുകാർ ആരൊക്കെയാണെന്നറിയേണ്ടേ? പ്രശാന്ത് ചേട്ടൻ (14), ശിവകാമി ചേച്ചി (16), എന്റെ ക്ലാസ്സിൽ പഠിക്കുന്ന മനു, കതിരേശൻ പിന്നെ ഈശ്വരീ ദേവി (7). ശാന്തവും നിശ്ശബ്ദവും ഗംഭീരവുമായ അവന്റെ ഭാവമാണ് ഞങ്ങളെ ഏറ്റവും ആകർഷിച്ചത്. ഊരിനപ്പുറത്തുള്ള കുന്നിൻചെരിവിൽ നിന്നും സന്ധ്യ കഴിഞ്ഞ് ഇരുൾ മൂടുമ്പോഴേക്കും വെള്ളം കുടിക്കാനായി അവൻ എത്തും. അവനെ നോക്കി നിൽക്കാറുള്ള ഞങ്ങളോട് ഒരിക്കൽപ്പോലും ദേഷ്യപ്പെടുകയോ ആക്രമിക്കാനൊരുങ്ങുകയോ അവൻ ചെയ്തിട്ടില്ല.

# ഒരു വലിയ മൃഗത്തോടുള്ള കുഞ്ഞു 'വലിയ' സ്നേഹം

മനുഷ്യ–വന്യജീവി സംഘർഷങ്ങൾ കൂടുന്ന വാർത്തകൾക്കിടയിൽ അട്ടപ്പാടയിലെ സാമ്പർക്കോട് ആദിവാസി ഊരിൽ നിന്നും വ്യത്യസ്തമായ മറ്റൊരു വിശേഷം. അപ്പു ഇവിടെ പങ്കുവയ്ക്കുന്ന സഹജീവനത്തിന്റെ ഈ സന്ദേശം മാത്രമല്ലേ യഥാർത്ഥ പരിഹാരം? അട്ടപ്പാടിയിലെ സാമ്പാർക്കോട് ഊരിലെ

**രാജമ്മ, പാപ്പ, ശാന്തി**

എന്നിവരും കുട്ടികളുമായി

**എസ്. അനിത** നടത്തിയ സംഭാഷണം.

കടപ്പാട്: കൗണ്ടർ കറന്റ്സ്

പരിഭാഷ: സബ്ന

അവന്റെ വലിപ്പത്തെയും അതിനെ അനായാസം കൈകാര്യം ചെയ്യാനുള്ള അവന്റെ കഴിവിനെയുമാണ് ഞാൻ ആരാധിച്ചുതുടങ്ങിയത്. ആകാരഭംഗിയുള്ള അവന്റെ തുമ്പിക്കൈ, തിടുക്കമോ അത്യാഗ്രഹമോ ഇല്ലാത്ത അവന്റെ സ്വഭാവം... ഒക്കെ എനിക്കിഷ്ടമായിരുന്നു. നമ്മുടെ നാടിനെ വിശിഷ്ടമാക്കുന്ന മലനിരകളിലും പുഴകളിലുമൊക്കെ കളിച്ചുവളർന്നതിന്റെ ഗുണമാകാം അത്. അവനെ നിരീക്ഷിക്കാനും സ്വഭാവം കണ്ടുപഠിക്കാനും ഞങ്ങൾ തീരുമാനിച്ചിരുന്നു. അവനുമാത്രം കൈമുതലായുള്ള പ്രത്യേകതകൾ അവൻ ഇടയ്ക്കിടെ ഞങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ സംഘത്തിലെ ആളുകൾ അത്ര കുഴപ്പക്കാരല്ലെന്നു മനസ്സിലായതിനു ശേഷം അവൻ തന്റെ കൂട്ടത്തിലെ മറ്റുള്ളവരെയും അങ്ങോട്ട് കൂട്ടിക്കൊണ്ടുവരാൻ തുടങ്ങി. അതിൽ അഞ്ച് കുട്ടിയാനകൾ, കുറച്ച് പെണ്ണാനകൾ, ഒരു തള്ളയാന, പിന്നെ അല്പം വലിയ കുറച്ച് കുഞ്ഞാനകളും. അവർ ചെളിയിൽ കളിക്കുന്നതും പുഴയിൽ നീന്തിത്തുടിക്കുന്നതുമെല്ലാം കാണാൻ ഞങ്ങൾക്ക് എന്തിഷ്ടമായിരുന്നെന്നോ? വളരെ കുറച്ച് സമയത്തേക്ക് മാത്രമേ അവർ കൂടെയുണ്ടാകൂ എന്ന് മനസ്സിലായതിനാൽ ഞങ്ങൾ ഒച്ചവെക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

**അപ്പുവിന്റെ ആനപ്രേമം**

കുറച്ച് ദിവസങ്ങൾക്ക് ശേഷം പിന്നെ അവരെ കാ

ണാതായി. അപ്പോഴാണ് എന്റെ അമ്മ പറഞ്ഞത് ആനകൾക്ക് യാത്ര ചെയ്യാനും പുതിയ സ്ഥലങ്ങൾ കണ്ടെത്താനുമൊക്കെ വലിയ ഇഷ്ടമാണെന്ന്. മാത്രമല്ല, അവരുടെ മനസ്സിൽ വെള്ളവും ഭക്ഷണവുമൊക്കെ എവിടെ കിട്ടുമെന്നറിയാവുന്ന ഒരു ഭൂപടമുണ്ടത്രേ! അതനുസരിച്ച് അവർ നടന്നുകൊണ്ടേയിരിക്കും. അങ്ങേയറ്റം ശ്രദ്ധയോടും ബഹുമാനത്തോടും ഞങ്ങൾ അവരോട് പെരുമാറിയതിനാൽ എന്തായാലും അവർ തിരിച്ചുവരുമെന്ന് അമ്മ ഉറപ്പു പറഞ്ഞു. കൊമ്പന്റെ പേര് രാജ എന്നാണെന്നും അവന്റെ വരവ് ഈ മണ്ണിന്റെ ഐശ്വര്യവും ആരോഗ്യവുമാണെന്നാണ് അട്ടപ്പാടിയിലെ ആദിവാസികളെല്ലാം കരുതുന്നതെന്നും അമ്മ പറഞ്ഞുതന്നു.

ദിവസങ്ങൾ കഴിഞ്ഞു. ഞാൻ സ്കൂളിലും കൃഷിയിലുമൊക്കെ മുഴുകി. എന്റെ അപ്പൂപ്പനും അച്ഛനുമമ്മയുമൊക്കെ കൃഷി ചെയ്തുപോന്നിരുന്ന കൊച്ചുകൃഷിയിടം എനിക്ക് വലിയ ഇഷ്ടമായിരുന്നു. പുഴക്കരയിൽ വാഴകളും അല്പം വെയിൽ കിട്ടുന്ന ചെരിവുകളിൽ ഞങ്ങൾക്കിഷ്ടപ്പെട്ട റാഗിയും ചാമയും ചോളവുമൊക്കെയാണ് കൃഷി ചെയ്തിരുന്നത്. അതിലെന്റെ ഭാഗത്ത് ഞാൻ മത്തനും വെള്ളരിയും പയറുമൊക്കെ നട്ടുവളർത്തിയിരുന്നു.

പക്ഷേ, എന്റെ മനസ്സിലെവിടെയോ ആനകൾ തിരിച്ചുവരുമെന്ന ഒരു പ്രതീക്ഷയുണ്ടായിരുന്നു. ആ വലിയ മൃഗങ്ങളോട് ഒരു പ്രത്യേക സ്നേഹം ഉള്ളിലുണ്ടെന്ന് ഞാൻ അപ്പോൾ തിരിച്ചറിഞ്ഞു. ആനകളുടെ ചിത്രങ്ങളും പേപ്പർ കട്ടിംഗുകളുമൊക്കെ ഞാൻ ശേഖരിച്ചുതുടങ്ങി. ഒരു മൂലയ്ക്ക് ആനയുടെ ചിത്രങ്ങൾ വെച്ച് ആരാധിച്ചു. ഒരു നോട്ട്ബുക്ക് നിറയെ ആനകളെ വരച്ചുനിറച്ചു. എന്റെ പ്രിയപ്പെട്ട അമ്മയ്ക്ക് മാത്രമേ എനിക്ക് രാജയോടുള്ള മതിപ്പും ബഹുമാനവും മനസ്സിലാക്കാൻ കഴിഞ്ഞുള്ളൂ. ബാക്കിയെല്ലാവരും ‘ആനഭ്രാന്തൻ’ എന്ന് വിളിച്ച് എന്നെ കളിയാക്കി.


ഒരു വൈകുന്നേരം സ്കൂളിൽ നിന്നും തിരിച്ചെത്തിയപ്പോൾ എപ്പോഴും ഉഷാറായിരിക്കുന്ന എന്റെ അമ്മ ദുഃഖിച്ച് നിശ്ശബ്ദയായിരിക്കുന്നതാണ് കണ്ടത്. കുറച്ച് കഴിഞ്ഞ് അമ്മ ആ കാര്യം പറഞ്ഞു. ആനക്കൂട്ടം വന്ന് ഞാൻ നട്ട പയറും ധാന്യങ്ങളുമൊക്കെ തിന്നു എന്നുകേട്ട് ഞാൻ ദേഷ്യപ്പെടുമെന്നാണ് അമ്മ കരുതിയത്. മറിച്ച് അവർ വന്നതിലും അവരുടെ വിശപ്പ് മാറിയതിലും ഞാൻ സന്തോഷിക്കുകയാണ് ചെയ്തത്. അവരെ ഓടിച്ച ഗ്രാമവാസികളോടാണ് എനിക്ക് ദേഷ്യം വന്നത്.

എന്നാൽ ഊരുകൾക്കടുത്ത് ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന പുറംനാട്ടുകാർക്ക് എന്റെ ആനപ്രേമം മനസ്സിലാക്കാനാകില്ലെന്ന് ഞാൻ കരുതിയില്ല. വേനൽ കടുത്ത് വരൾച്ച രൂക്ഷമായപ്പോൾ മെലിഞ്ഞ ശിരുവാണിപ്പുഴയ്ക്കരികിൽ നിന്നും ആനക്കൂട്ടം ഞങ്ങളുടെ കൃഷിയിടങ്ങളിൽ ഇടയ്ക്കിടെ വന്നു. പക്ഷേ വാഴപ്പഴങ്ങളിൽ പകുതിയിലേറെയും അവർ ഞങ്ങൾക്ക് തന്നു. എന്നാൽ കുടിയേറ്റക്കാർക്ക് ഞങ്ങളുടെയത്ര ക്ഷമയും സാവകാശവുമുണ്ടായിരുന്നില്ല. അവർ വലിയ മണ്ണെണ്ണപ്പന്തങ്ങളും പടക്കങ്ങളും ചെണ്ടയും ബഹളങ്ങളുമായി അവരെ ആട്ടിയോടിച്ചപ്പോൾ അതൊരു സംഘർഷപ്രദേശമായിത്തീർന്നു. അവർ വനംവകുപ്പിലെ എലിഫന്റ് സ്ക്വാഡിനോട് അവരുടെ ജീവിതം അപകടത്തിലാണെന്ന് പരാതിപ്പെട്ടു.

എന്നാൽ അവിടെ ജീവിച്ചിരുന്ന ആദിവാസിവിഭാഗം നിശ്ശബ്ദരായിരുന്നു. കാരണം കുറച്ച് ദിവസങ്ങൾക്ക് ശേഷം ആനക്കൂട്ടം ശാന്തരാകുമെന്നും കാട്ടിലേക്ക് തന്നെ തിരിച്ചുപോകുമെന്നും അവർക്കറിയാമായിരുന്നു. എന്നാൽ കാടോ വന്യമൃഗങ്ങളോ മണ്ണോ വനഭൂമിയോ ഒന്നുമായി ആത്മബന്ധമില്ലാത്ത, ക്ഷമയില്ലാത്ത കുടിയേറ്റകർഷകർക്ക് അവിടെ വെച്ച വാഴയിൽ നിന്നും പരുത്തിയിൽ നിന്നുമെല്ലാം പരമാവധി ലാഭമുണ്ടാക്കണമെന്ന് മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളൂ.

വൈകുന്നേരങ്ങളിൽ ആളുകൾ മദ്യപിക്കുന്നതും ഈ പ്രശ്നത്തിന് ആക്കം കൂട്ടുന്നുണ്ടെന്ന് ഞങ്ങൾക്ക് മനസ്സിലായി. അട്ടപ്പാടി മദ്യം നിരോധിച്ചിരിക്കുന്ന സ്ഥലമായിരുന്നെങ്കിലും പലയിടങ്ങളിലും അനധികൃതമായി മദ്യം വാറ്റുന്നുണ്ടായിരുന്നു. മദ്യം കഴിച്ച് അബോധാവസ്ഥയിൽ നടക്കുന്നവർ ആനകൾ നടക്കുന്ന വഴിയിൽപ്പെടുകയും ചവിട്ടേറ്റ് മരിക്കുകയും ചെയ്യുന്നു. മദ്യം വാറ്റുന്നതിനുപയോ

ഒരു വൈകുന്നേരം സ്കൂളിൽ നിന്നും തിരിച്ചെത്തിയപ്പോൾ എപ്പോഴും ഉഷാറായിരിക്കുന്ന എന്റെ അമ്മ ദുഃഖിച്ച് നിശ്ശബ്ദയായിരിക്കുന്നതാണ് കണ്ടത്. കുറച്ച് കഴിഞ്ഞ് അമ്മ ആ കാര്യം പറഞ്ഞു. ആനക്കൂട്ടം വന്ന് ഞാൻ നട്ട പയറും ധാന്യങ്ങളുമൊക്കെ തിന്നു എന്നുകേട്ട് ഞാൻ ദേഷ്യപ്പെടുമെന്നാണ് അമ്മ കരുതിയത്. മറിച്ച് അവർ വന്നതിലും അവരുടെ വിശപ്പ് മാറിയതിലും ഞാൻ സന്തോഷിക്കുകയാണ് ചെയ്തത്.



അപ്പു വരച്ച രാജയുടെ ചിത്രം

ഗിക്കുന്ന വാഷിന്റെ ഗന്ധത്താൽ ആകർഷിക്കപ്പെട്ട് ആനകൾ വാറ്റുകേന്ദ്രങ്ങൾ തകർക്കുന്നതും സ്ഥിരം സംഭവമായിരുന്നു.

അങ്ങനെ ഒരു ദിവസം ഞങ്ങൾ പേടിച്ചതുപോലെ തന്നെ നടന്നു. രാജ പോകുന്ന വഴിയിലൂടെ നടന്ന ഒരു കുടിയൻ അവന്റെ വഴി മുടക്കുകയും വഴിയിൽ നിന്ന് മാറാതിരിക്കുകയും ചെയ്തപ്പോൾ അവൻ അയാളെ ചെറുതായി അടിച്ചു. എന്നാൽ അയാൾ മരിച്ചുപോയി. പിന്നീട് കൊല്ലപ്പെട്ട 'പീലാണ്ടി'യുടെ പേരിലാണ് രാജ അറിയപ്പെട്ടത്. ഈ സംഭവത്തെ തുടർന്നാണ് എന്നെ സംബന്ധിച്ച് ഏറ്റവും ഭീകരമായ കാര്യം നടന്നത്. അതിനായി അമ്മ എന്നെ മനസ്സുകൊണ്ട് തയ്യാറെടുപ്പിച്ചിരുന്നു—പീലാണ്ടിയെ കൊല്ലുകയോ ഇവിടുന്നു പിടിച്ചുകൊണ്ടുപോകുകയോ ചെയ്യുമെന്ന്. രണ്ടുദിവസം വനംവകുപ്പ്, കുടിയേറ്റക്കാരുടെയും കുങ്കി ആനകളുടെയും  സഹായത്തോടെ രാജ എന്ന എന്റെ കൂട്ടുകാരനെ ജെ.സി.ബി കൊണ്ടുവന്ന്  തടിയും വടവുമെല്ലാം കെട്ടിയ ലോറിയിലേക്ക് കയറ്റി. ദയനീയമായ അലർച്ചയും ഇടയ്ക്കിടെയുള്ള നിസ്സഹായമായ അവന്റെ ചിന്നംവിളികളും മുഴങ്ങുന്നത് കാണാനാകാതെ ഞാൻ വീട്ടിനകത്ത് തന്നെ നിന്നു.  എനിക്കും കൂട്ടുകാർക്കും ആ ലോറിക്ക് മുന്നിൽ പോയി കിടന്ന് അത് തടയാനുള്ള ധൈര്യമില്ലായിരുന്നു. ഞങ്ങൾ ചെറുതല്ലേ, ഞങ്ങൾക്കതിനുള്ള ശക്തിയുമില്ല. മാത്രവുമല്ല, അവനിപ്പോൾ കൊലയാളിയുമായല്ലോ. അവന്റെ നിശ്ശബ്ദവും ഗംഭീരവും ക്ഷമയുള്ളതുമായ സ്വഭാവമോ മലകൾക്കിടയിലൂടെ തന്റെ സംഘവുമായി ചേർന്ന് യാത്ര ചെയ്യാനുള്ള ബുദ്ധിയോ ഒന്നും ആരും മനസ്സിലാക്കിയില്ല. കാടുവെട്ടി കൃഷി ചെയ്തതും കനാലിനും റോഡിനുമായി മരങ്ങൾ വെട്ടിമാറ്റിയതും ഇതിനൊക്കെ കാരണമായതിനെക്കുറിച്ച് അവരാരും ചർച്ച ചെയ്തില്ല. അവർക്കുകൂടി വെള്ളവും ഭക്ഷണവുമെല്ലാം പങ്കുവെയ്ക്കാനുള്ള ഉത്തരവാദിത്തം ഈ നാശത്തിനെല്ലാം കാരണമായ നമുക്കുണ്ടെന്ന് ആരും സംസാരിച്ചു കണ്ടില്ല. ഭക്ഷണം തേടാനും മറ്റുമായി ധാരാളം സ്ഥലം വേണ്ട ഒരു മൃഗമാണ് ആനയെന്നോ അവരുടെ കുടുംബബന്ധത്തിന്റെ ശക്തി അഗാധമാണെന്നോ പറയാൻ ആരും അപ്പോൾ തയ്യാറായില്ല. അവർക്ക് അവൻ ഒരു കൊലയാളി മാത്രമായിരുന്നു. അതിനാൽ അവർ അവനെ മെരുക്കാനായി ദൂരെ എവിടെയോ ഉള്ള ആനക്കൊട്ടിലിലേക്ക് കൊണ്ടുപോയി.

എനിക്കേറ്റവും വേണ്ടപ്പെട്ട ആരോ പോയതു പോലെ ഞാൻ ദിവസങ്ങളോളം തേങ്ങിക്കരഞ്ഞു. അവന് ജീവനുണ്ടല്ലോ എന്ന് പറഞ്ഞ് അമ്മ എന്നെ ആശ്വസിപ്പിച്ചു. എന്നാൽ ഒറ്റപ്പെട്ട സ്ഥലത്തെ ശിക്ഷണ രീതികൾ മരണത്തേക്കാൾ കഷ്ടമായിരിക്കുമെന്ന് ഞാൻ പലപ്പോഴും ഓർത്തു. ഇത്രയും ഗാംഭീര്യത്തോടെ, വിശാലമായ കാട്ടിൽ സ്വാതന്ത്ര്യം ആസ്വദിച്ച ഒരു ജീവിയ്ക്ക് ഇങ്ങനെ തളച്ചിട്ടാൽ ജീവിക്കാനാകുമോ? എനിക്കാശ്വാസമേകാൻ എന്റെ കൂട്ടുകാർ ആരോരുമില്ലാത്ത രണ്ട് ആട്ടിൻകുട്ടികളെ കൊണ്ടുതന്നു. എന്നാൽ ഞങ്ങൾക്ക് മനോഹരമായ കാഴ്ചകൾ സമ്മാനിച്ച രാജയുടെയും കൂട്ടത്തിന്റെയും ഓർമ്മകളും ഗന്ധവും എന്റെ മനസ്സിൽ മായാതെ നിന്നു.

മാങ്ങയും ചക്കയുമൊക്കെ കഴിക്കുമ്പോൾ അവരും കൂടി കഴിക്കാൻ വന്നെങ്കിൽ എന്ന് ഞാനാശിച്ചു. എന്നാൽ അവൻ പോയതിന് ശേഷം അവരാരും ആ വഴി വന്നില്ല. പുഴയോരത്തുള്ള ഈറ്റക്കാടുകളിൽ നിന്നും പച്ചക്കമ്പുകളൊടിക്കുമ്പോഴുള്ള ആ ശബ്ദം കേൾക്കുന്നുണ്ടോയെന്ന് ഞാൻ ഇടയ്ക്കിടെ കാതോർത്തു. ഒരിക്കൽ ആ കൂട്ടത്തിലേറ്റവും മിടുക്കനായ കുസൃതിക്കൊമ്പൻ എന്റെ കൂട്ടുകാരനായി തിരിച്ചുവരുമായിരിക്കും. ■